# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 733 — 09.08.2017 ൽ മറുപടിക്ക്

<u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി</u>

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി) | <u>പട്ടികജാതി വിഭാഗങ്ങൾ</u><br>ഉണ്ട്. പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ/സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 30.03.2015 ലെ സ.ഉ.(അച്ചടി)നം.24/2015/പ.ജ.പ.വ.വി.വ നം ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br><u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u><br>ഉണ്ട്. സർക്കാർഉത്തരവ് (അ)നം. 71/2015/ പ.ജ.പ.വി.വ തീയതി 01/10/15 പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപലിശയും, മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ, സ്വർണ്ണ പണയത്തിന്മേലുള്ള കാർഷിക വായ്പ എന്നീ ഇനത്തിലുള്ള 01.04.2006 മുതൽ 31.03.2014 വരെ കുടിശ്ശികയായതുമായ 1,00,000 രൂപ വരെയുള്ള വായ്പകൾ പലിശയും, പിഴപലിശയും അടക്കം നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളുന്നത്. വായ്പ തുക, മുതൽ, പലിശ, പിഴപലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ |
| (ബി) | എങ്കിൽ ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത, ഏതൊക്കെ തരത്തിലുള്ള, ഏതുവരെയുള്ള വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | അധികരിച്ചുവരുകയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചുതീർത്ത് തെളിവ് ഹാജരാക്കുന്ന പക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്. |
| (സി) | ഇതിനായി എത്ര തുക വേണ്ടിവരുമെന്നും എത്ര തുക ഇതുവരെ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ? | (സി) | <u>പട്ടികജാതി വിഭാഗങ്ങൾ</u><br>പട്ടിക ജാതി വിഭാഗക്കാർക്കായി ആവശ്യമായ 138,53,64,000/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.<br><br><u>പട്ടികവർഗ്ഗ വിഭാഗങ്ങൾ</u><br>പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 39,52,41,000/- രൂപ ടി കോർപ്പറേഷന് 2015-16 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നും നാളിതുവരെയായി 7,82,53,121/- രൂപ അർഹരായ 2838 പട്ടികവർഗ്ഗക്കാർക്ക് കടം എഴുതി തള്ളുന്നതിനായി അനുവദിച്ച് നല്കി. |

സെക്ഷൻ ഓഫീസർ